പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 106

05.03.2018-ൽ മറുപടിക്ക്

# പോളിടെക്നിക്കുകളുടെ വികസനം

**ചോദ്യം**

ശ്രീ. യു. ആർ. പ്രദീപ്
ശ്രീ. റ്റി.വി.രാജേഷ്
ശ്രീ. കെ. ബാബു
ശ്രീ. ഒ. ആർ. കേളു

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പോളിടെക്നിക്കുകളിലെ അധ്യയന നിലവാരം ഉയർത്തുന്നതിനും അവയുടെ വികസനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിലെ അധ്യയന നിലവാരം ഉയർത്താനായി അദ്ധ്യാപകർക്ക് അദ്ധ്യാപന/വ്യക്തിത്വ വികസന മേഖലകളിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ കളമശ്ശേരിയിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് (സിറ്റർ)എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു വരുന്നു. ദേശീയ തലത്തിലെ പ്രശസ്തരായ അദ്ധ്യാപകരുടെയും വ്യാവസായിക രംഗത്തെ സാങ്കേതിക വിദഗ്ധരുടെയും സേവനം 'വിസിറ്റിംഗ് ഫാക്കൽറ്റി' സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നുണ്ട്. മഹീന്ദ്രാ പ്രൈഡ് സ്കൂൾ സി. എസ്.ആർ-ന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 20 പോളിടെക്നിക്ക് കോളേജുകളിൽ വ്യക്തിത്വ വികസന പരിശീലനം സൗജന്യമായി നൽകി വരുന്നു.

പ്രായോഗിക പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 5 പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് സെന്ററുകളും 5 സ്ഥാപനങ്ങളിൽ റോബോട്ടിക് ലാബുകളും സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്വയം തൊഴിൽ സംരംഭകത്വത്തിനുള്ള പരിശീലന കളരി എന്ന നിലയിൽ പ്രൊഡക്ഷൻ സെന്ററുകളും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകളും തിരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ പ്രവർത്തിച്ചു വരുന്നു. കേരളാ സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് എല്ലാ

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലേയ്ക്കും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. |
| (ബി) | പോളിടെക്നിക്കുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം, കളമശ്ശേരി, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലുള്ള നോഡൽ പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ പരിശോധിക്കുന്നതിനും, സർട്ടിഫിക്കേഷൻ ചെയ്യുന്നതിനുമാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പോളിടെക്നിക് കോളേജുകളിലെ പാഠ്യപദ്ധതി അനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളോടൊപ്പം ഈ കേന്ദ്രത്തിലൂടെ സ്വായത്തമാക്കുന്ന അറിവുകൾ വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സിന്റെ ഭാഗമായിതന്നെ ടെസ്റ്റിംഗിന്റെ യഥാർത്ഥ പ്രക്രിയ പഠിക്കുന്നതിന് ടി സെന്റർ സഹായിക്കുന്നു. |
| (സി) | ഏതെല്ലാം പോളിടെക്നിക്കുകളിലാണ് ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്; | (സി) | താഴെപറയുന്ന പോളിടെക്നിക്ക കോളേജുകളിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.<br>1) കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോളേജ്.<br>2) കളമശ്ശേരി ഗവൺമെന്റ് പോളിടെക്നിക് കോളേജ്.<br>3) തൃപ്രയാർ ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക് കോളേജ്.<br>4) തൃശ്ശൂർ നെടുപുഴ വനിതാ പോളിടെക്നിക് കോളേജ്. |
| (ഡി) | പോളിടെക്നിക്കുകളുടെ വികസനത്തിനായി നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.